നം. വൈ(2)/34000/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 01/10/2018

# സർക്കുലർ

വിഷയം :- പൊ.വി. - കേരള സ്കൂൾ കലോത്സവം- 2018-19- നടത്തിപ്പ് - സംബന്ധിച്ച്.

സൂചന :- 06/08/2018 ലെ ഇതേ നമ്പർ സർക്കുലർ.

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്കൂൾ കലോത്സവ നടത്തിപ്പിന് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം ഡിസംബർ 7, 8, 9 തീയതികളിൽ ആലപ്പുഴ വച്ച് നടത്തുവാൻ തീരുമാനിച്ചു.

സൂചന സർക്കുലറിൽ പരാമർശിച്ചിരുന്ന സ്കൂൾ, സബ്ജില്ല, ജില്ലാതല കലോത്സവ നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

➢ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി മത്സരങ്ങൾ നടത്തേണ്ടതും അതിനനുസരിച്ച് കമ്മിറ്റികളുടെ എണ്ണം താഴെ പറയും പ്രകാരം ക്രമീകരിക്കേണ്ടതുമാണ്.

School App Kerala

1. പ്രോഗ്രാം & രജിസ്ട്രേഷൻ
2. ഭക്ഷണം
3. അക്കോമഡേഷൻ
4. ട്രാൻസ്പോർട്ട്
5. ലൈറ്റ്, സൗണ്ട് & സ്റ്റേജ്
6. ഗ്രീൻ പ്രോട്ടോകോൾ
7. വെൽഫയർ (മെഡിക്കൽ)



ഇതിൽപ്പെടാത്ത കലോത്സവവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, നടത്തിപ്പും ആയതിന്റെ മേൽനോട്ടവും അതാത് വിദ്യാഭ്യാസ ഓഫീസർമാർ നിർവഹിക്കേണ്ടതാണ്.

➢ ഉദ്ഘാടന-സമാപന സമ്മേളനങ്ങൾ, ഘോഷയാത്രകൾ എന്നിവ നടത്തേണ്ടതില്ല.



Scanned by CamScanner

- സ്കൂൾതല മൽസരങ്ങൾ ഒക്ടോബർ 14 ന് മുമ്പും, സബ്ജില്ലാതല മൽസരങ്ങൾ ഒക്ടോബർ 20 മുതൽ നവംബർ 3 വരെയുള്ള തീയതികളിലും, ജില്ലാതല മൽസരങ്ങൾ നവംബർ 12 മുതൽ 24 വരെയുള്ള തീയതികളിലും പൂർത്തീകരിക്കേണ്ടതാണ്.
- സബ്ജില്ലാതല മൽസരങ്ങൾ ഒരു ദിവസം കൊണ്ടും, ജില്ലാതല മൽസരങ്ങൾ രണ്ട് ദിവസം കൊണ്ടും പൂർത്തീകരിക്കേണ്ടതാണ്.
- ഈ വർഷം എൽ.പി/യു.പി വിഭാഗം (കാറ്റഗറി I & II) മൽസരങ്ങൾ സ്കൂൾ തലത്തിൽ അവസാനിപ്പിക്കേണ്ടതാണ്. ഹൈസ്ക്കൂൾ/ഹയർസെക്കണ്ടറി വിഭാഗം (കാറ്റഗറി III & IV) മൽസരങ്ങൾ സബ്ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തും.
- സബ്ജില്ലാതല മത്സരത്തിലേക്കുള്ള വിധികർത്താക്കളെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നിശ്ചയിക്കേണ്ടതും, ജില്ലാതല വിധികർത്താക്കളെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം നിശ്ചയിക്കേണ്ടതുമാണ്.

School App Kerala

**സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് മേഖലകളിലെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസിനോടൊപ്പം സ്വരൂപിക്കുന്ന ഫെസ്റ്റിവൽ ഫണ്ടിനത്തിൽ 2/- രൂപയും സംഭാവനയായി 5/- രൂപ വീതവും സ്വരൂപിച്ച് ആകെ 7/- രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി 20/10/2018 നകം അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകളുടെ ലിസ്റ്റ് സഹിതം പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം- 695 014 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. കരുതൽ ഫയൽ



Scanned by CamScanner